"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള സംസ്ഥാന സാക്ഷരതാ മിഷനിലെ സ്വീപ്പർ കം പ്യൂൺ തസ്തികയിലെ ജീവനക്കാരുടെ സ്കെയിൽ ഓഫ് പേ പാർട്ട് ടൈം സ്വീപ്പർ സ്കെയിലിൽ നിന്നും മാറ്റി സ്വീപ്പർ കം പ്യൂൺ എന്നാക്കി പ്യൂൺ/ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ സ്കെയിൽ ഓഫ് പേ ആയ 16500-29200 ൽ (പത്താം ശമ്പള കമ്മീഷൻ പ്രകാരം) ഉൾപ്പെടുത്തി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പ്

സ.ഉ.(സാധാ) നം.1281/2026/LSGD തീയതി,തിരുവനന്തപുരം, 13-07-2026

പരാമർശം:-

1. 15.02.2021 ലെ G.O (Ms) No.59/2021/GEDN
2. 15.07.2022 ലെ സ.ഉ.(സാധാ)നം.4145/2022/GEDN
3. 19.04.2025 ലെ GO(P) No. 54/2025/ധന
4. ശ്രീമതി. സൗമ്യ എൻ.ആർ മുതൽപേർ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 10566/2021 നമ്പർ ഹർജിയിൻമേൽ 10.12.2025 ൽ പുറപ്പെടുവിച്ച വിധിന്യായം.
5. ശ്രീമതി. ഷീജ മുതൽപേർ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 7058/2021 നമ്പർ ഹർജിയിൻമേൽ 10.12.2025 ൽ പുറപ്പെടുവിച്ച വിധിന്യായം.
6. കേരള സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടറുടെ 01.01.2026 ലെ എ2-001/26/കെ.എസ്.എൽ.എം.എ നമ്പർ ഉത്തരവ്
7. കേരള സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടറുടെ 08.01.2026-ലെ എ2- 3619/25/കെ.എസ്.എൽ.എം.എ നമ്പർ കത്ത്.

ഉത്തരവ്

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയിൽ കരാർ അടിസ്ഥാനത്തിൽ 10 വർഷം തുടർച്ചയായി സേവനം പൂർത്തിയാക്കിയ 74 ജീവനക്കാരെ സ്ഥിരപ്പെടുത്തി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് (സ്റ്റേ ഉത്തരവ്) നീക്കം ചെയ്തുകൊണ്ടും, പരാമർശം (1) ഉത്തരവിലെ സർക്കാർ നടപടി അംഗീകരിച്ചുകൊണ്ടും പരാമർശം (4), (5) എന്നിവ പ്രകാരം ബഹു.ഹൈക്കോടതി അന്തിമ വിധി പുറപ്പെടുവിച്ചിരുന്നു.

സ്ഥിരപ്പെടുത്തിയ ഉത്തരവ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ പ്രസ്തുത ജീവനക്കാർക്ക് ലഭ്യമാകേണ്ട അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിനും ബഹു.കേരള ഹൈക്കോടതി വിധിന്യായം നടപ്പാക്കിയും, കേരള സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടർ പരാമർശം (6) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (1) പ്രകാരം സ്ഥിരപ്പെടുത്തിയ ഉത്തരവിൽ പാർട്ട് ടൈം സ്വീപ്പർ, സ്വീപ്പർ കം പ്യൂൺ തസ്തികകൾ ഒരേ കാറ്റഗറിയിൽ ഉൾപ്പെടുത്തി 8200-

13340 എന്ന സ്കെയിലിലാണ് അനുവദിച്ചത്. തുടർന്ന് സ്വീപ്പർ കം പമ്പ് തസ്തിക ഫുൾ ടൈം തസ്തിക ആണെന്നും എന്നാൽ കരാർ ജീവനക്കാരുടെ ശമ്പള ഉത്തരവിൽ സ്വീപ്പർ കം പമ്പ് തസ്തിക ഇല്ലാത്തതിനാൽ ഇവരെ ഏത് കാറ്റഗറിയിൽ ഉൾപ്പെടുത്തി ശമ്പളം നൽകണം എന്ന് സാക്ഷരതാ മിഷൻ ഡയറക്ടർ സർക്കാരിനോട് സ്പഷ്ടീകരണം ആവശ്യപ്പെടുകയും, പരാമർശം (2) ലെ ഉത്തരവ് പ്രകാരം ഓഫീസിൽ അറ്റന്റന്റ് തസ്തികയ്ക്ക് ഫിക്സ് ചെയ്തിരുന്ന വേതനമായ 18390/- രൂപ അനുവദിക്കാൻ അനുമതി നൽകുകയും ചെയ്തിരുന്നു.

പരാമർശം (3) പ്രകാരമുള്ള കരാർ ജീവനക്കാരുടെ ശമ്പള ഉത്തരവ് പ്രകാരം പ്രസ്തുത ജീവനക്കാർക്ക് കണ്സോളിഡേറ്റഡ് പേ ആയി 19310/- രൂപയാണ് നൽകി വരുന്നതെന്നും, കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയുടെ കീഴിലുള്ള 14 ജില്ലാ സാക്ഷരതാമിഷൻ ഓഫീസുകളിലും പമ്പ്/ഓഫീസ് അറ്റൻഡന്റ് തസ്തിക നിലവിലില്ലാത്തതിനാൽ പ്രസ്തുത ജീവനക്കാരുടെ സ്കെയിൽ ഓഫ് പേ പാർട്ട് ടൈം സ്വീപ്പർ സ്കെയിലിൽ നിന്നും മാറ്റി സ്വീപ്പർ കം പമ്പ് എന്നാക്കി പമ്പ്/ഓഫീസ് അറ്റൻഡൻ്റ് തസ്തികയിലെ സ്കെയിൽ ഓഫ് പേ ആയ 16500-29200 ൽ (പത്താം ശമ്പള കമ്മീഷൻ പ്രകാരം) ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് പരാമർശം (7) പ്രകാരം കേരള സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടർ സർക്കാറിനോട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന സാക്ഷരത മിഷനിലെ സ്ഥിരപ്പെടുത്തിയ സ്വീപ്പർ കം പമ്പ് തസ്തികയിലെ ജീവനക്കാരുടെ സ്കെയിൽ ഓഫ് പേ പാർട്ട് ടൈം സ്വീപ്പർ സ്കെയിലിൽ നിന്നും മാറ്റി സ്വീപ്പർ കം പമ്പ് എന്നാക്കി പമ്പ്/ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ സ്കെയിൽ ഓഫ് പേ ആയ 16500-29200 ൽ (പത്താം ശമ്പള കമ്മീഷൻ പ്രകാരം) ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു. കൂടാതെ, പ്രസ്തുത ആനുകൂല്യം കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തിയ പരാമർശം (1) ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ വി
ജോയിന്റ് സെക്രട്ടറി

1) ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരത മിഷൻ, അക്ഷരം, പേട്ട, തിരുവനന്തപുരം.
2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
4) ധനകാര്യ (വികസന) വകുപ്പ് (e-3413028/DEV-1/35/2026-ധന തീയതി 11/03/2026 പ്രകാരം).
5) വിവര പൊതുജന സമ്പർക്ക വകുപ്പ് (web & new media).
6) സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Digitally signed by Jayakrishnan. K
Date: 13-07-2026 13:31:31
സെക്ഷൻ ഓഫീസർ